ട്രോമാകെയർ

82 (771) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ വലിയകുന്ന് താലൂക്ക് ആശുപത്രിയിൽ ട്രോമാകെയർ സംവിധാനമൊരുക്കാൻ കെട്ടിടവും അനുബന്ധ സൗകര്യങ്ങളും തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഇതിലേക്ക് ഫണ്ട് ആവശ്യപ്പെട്ട് റോഡ് സേഫ്റ്റി അതോറിറ്റിക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(സി) ട്രോമാകെയർ സംവിധാനത്തിൽ എന്തെല്ലാം തരത്തിലുള്ള സൗകര്യങ്ങളാണ് ഒരുക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 2013-14 സാമ്പത്തിക വർഷത്തിൽ 13-ാം ധനകാര്യകമ്മീഷൻ അവാർഡ് തുക വിനിയോഗിച്ച് ആരോഗ്യവകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ആറ്റിങ്ങൽ വലിയകുന്ന് താലൂക്ക് ആശുപത്രിയിൽ ട്രോമാകെയർ യൂണിറ്റ് സജ്ജീകരിക്കുന്നതിനായി ആവശ്യമുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന് 35.51 ലക്ഷം രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ 2015-16-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി ആറ്റിങ്ങൽ വലിയകുന്ന് ആശുപത്രിയിൽ ട്രോമാകെയർ യൂണിറ്റ് ആരംഭിക്കുന്നതിന് 4,27,98,956 (നാല് കോടി ഇരുപത്തിയേഴ് ലക്ഷത്തി തൊണ്ണൂറ്റിയെട്ടായിരത്തിതൊള്ളായിരത്തി അമ്പത്തിയാറ് രൂപ) യുടെ ഒരു പ്രൊപ്പോസൽ റോഡ് സേഫ്റ്റി കമ്മീഷണർക്ക് സമർപ്പിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ ഫണ്ട് ലഭ്യമായിട്ടില്ല.

(ബി) സമർപ്പിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ആറ്റിങ്ങൽ വലിയകുന്ന് ആശുപത്രിയിൽ ട്രോമാകെയർ യൂണിറ്റ് ആരംഭിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പ്രവൃത്തികൾ	ആവശ്യമായ തുക
നിർമ്മാണ പ്രവൃത്തികൾ	2,54,00,000
ഫർണിച്ചർ	22,36,550
ഉപകരണങ്ങൾ	40,34,406
മറ്റുള്ളവ	
1. ജനറേറ്റർ	10,00,000
2. ആംബുലൻസ്	30,00,000
3. സ്പ്ലിറ്റ് എ.സി.(2 എണ്ണം)	1,00,000
4. മിനി പവർ ലാൻഡി (1)	2,95,000
5. ബയോഗ്യാസ് പ്ലാന്റ് മെയിന്റനൻസ്	2,00,000
കണ്ടിജൻസി	
1. കൺസ്യൂമബിൾസ്	2,00,000
2. ട്രോമാകെയർ	2,00,000
3. ആംബുലൻസ്/പി.ഒ.എൽ.	3,00,000
സാലറി-ഹ്യൂമൻ റിസോഴ്സ്	58,32,000
ആകെ	4,27,98,956

• **മറ്റത്തൂർ മദർ പി.എച്ച്.സി.**

83(772) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റത്തൂർ മദർ പി.എച്ച്.സി.യിൽ വേണ്ടത്ര ജീവനക്കാർ ഇല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആവശ്യമായ ജീവനക്കാരെ എന്നത്തേക്ക് നിയമിക്കാനാകുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly